## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2514 | 12/03/2020-ലെ മറുപടി

### വാണിയംകുളം പഞ്ചായത്തിൽ ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിന് വേണ്ടിയുള്ള ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനായി അനുവദിച്ച 2.16 കോടി രൂപയുടെയും 2.88 കോടി രൂപയുടെയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കുനത്തറ സമ്പിൽ നിന്നും വെള്ളാരംപാറ ഭൂഗർഭ ജലസംഭരണിയിലേക്കുള്ള പഴയ 250 എം.എം എ.സി പൈപ്പ് മാറ്റി 300 എം.എം ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി 27.06.2019 ന് 288 ലക്ഷം രൂപയുടെ ഭരണാനുമതിയും 27.11.2019 ന് 250 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 29.11.2019 ന് ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുകയും പ്രസ്തുത ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ അവസാന തിയ്യതി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. അതിനുശേഷം രണ്ട് കരാറുകാർ ടെണ്ടറിൽ പങ്കെടുത്തു. L1 19% മുകളിലും L2 24% മുകളിലുമാണ് ക്വാട്ട് ചെയ്തിരുന്നത്. ആയതുകൊണ്ട് ടെണ്ടർ റദ്ദാക്കി 04.01.2020 ന് പുനർ ദർഘാസ് ക്ഷണിച്ചു. എന്നാൽ വീണ്ടും ആരും പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദാക്കി. 25.03.2020 അവസാന തീയതിയായി വീണ്ടും ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.<br>കുളപ്പുള്ളിയിൽ നിന്നും കുനത്തറയിലേക്കുള്ള 200 എം.എം. എ.സി ക്ലാസ് 10 ഗ്രാവിറ്റി മെയിൻ പൈപ്പ് മാറ്റി 300 എം.എം. ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി 14.06.2019 ന് 216 ലക്ഷം രൂപയുടെ ഭരണാനുമതിയും 27.11.2019 ന് 210 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 29.11.2019 ന് ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളതും പ്രസ്തുത ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ അവസാന |

| | | | |
|---|---|---|---|
| | | | തിയ്യതി ദീർഘിപ്പിച്ച നൽകുകയും ചെയ്തിരുന്നു. എന്നാൽ വീണ്ടും ആരും പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദാക്കി. 25.03.2020 അവസാന തിയ്യതിയായി വീണ്ടും ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| ബി) | ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് അറിയിക്കാമോ? | ബി) | ടെണ്ടർ ലഭിച്ചാൽ വർക്ക് ഓർഡർ നൽകി 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ